കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചിറക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.KSA/KNR/C5/2226/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ – 670001.
e-Mail : lfaddistofficeknr@gmail.com
Phone: 0497 2707698.

തീയ്യതി :07.02.2017.

ഡെപ്യൂട്ടി ഡയരക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

ചിറക്കൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ചിറക്കൽ ഗ്രാമപഞ്ചായത്ത് --- 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം).

3) കാര്യാലയ പ്രതി.

സീയാർ/-

നം KSA/KNR/C5/2226/2016. തീയതി : 07.02.2017.

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ

## 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട്*

*ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 26 അന്വേഷണക്കുറിപ്പുകളിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ , ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-12-2016 മുതൽ 17-12-2016 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | പേര് | തസ്തിക |
|---|---|---|
| 1 | എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ഷിജില. വി.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(13-12-2016 മുതൽ 17-12-2016വരെ) |
| 4 | മിഥുചന്ദ്ര.സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ലത | 01-04-2015 മുതൽ 31-10-2015 വരെ |

| | | |
|---|---|---|
| | ശ്രീ . എ.സോമൻ | 19-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ശ്രീ. സി.ടി.പുരുഷോത്തമൻ<br>ശ്രീമതി.പി.പി.ഉഷ | 01-04-2015 മുതൽ 26-07-2015വരെ<br>27-07-2015 മുതൽ 31-03-2016 വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ. 20-10-2015 ഉത്തരവ് പ്രകാരം 01-11-2015 മുതൽ 18-11-2015 വരെ താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്നു ഭരണ ചുമതല

1. ശ്രീമതി.പി.പി.ഉഷ, ഗ്രാമപഞ്ചായത്ത് സെക്രട്
2. ശ്രീ. പ്രദീപ്. പി.വി, കൃഷി ഓഫീസർ

3. ശ്രീമതി.ലീന കോട്ടായി, ഐ.സി.ഡി.എസ് സൂപ്പർവൈസർ

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ.പ്രദീപ് പി.വി | 01-04-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീ.സന്തോഷ് കുമാർ.കെ.വി(ചിറക്കൽ സർക്കിൾ)<br>ശ്രീമതി . സോയ ബാലൻ എം ( അധിക ചുമതല) | 01-04-2015<br>16.10.2015 | 15-10-2015<br>07.12.2015 |
| | | ശ്രീമതി.സോയ ബാലൻ എം. (കാട്ടാമ്പള്ളി സർക്കിൾ) | 01-04-2015 | 31-03-2016 |
| | | ശ്രീമതി.നളിനി ടി. (ചിറക്കൽ സർക്കിൾ) | 08-12-2015 | 31-03-2016 |
| 3 | വെറ്റിനറി സർജൻ | ഡോ.വിശ്വനാഥൻ | 01-04-2015<br>15-06-2015<br>21-07-2015<br>31-08-2015<br>07-03-2016 | 25-05-2015<br>20-06-2015<br>25-07-2015<br>19-11-2015<br>31-03-2016 |
| | | ഡോ.കാർത്തിക തങ്കപ്പൻ | 26-05-2015 | 31-05-2015 |

| | | | | |
|---|---|---|---|---|
| | | ഡോ. കെ.ജെ.വർഗ്ഗീസ് | 01-06-2015<br>21-06-2015<br>26-07-2015 | 14-06-2015<br>20-07-2015<br>30-08-2015 |
| | | ഡോ.രഞ്ജിനി | 20-11-2015 | 20-02-2016 |
| | | ഡോ.ദിവ്യ | 21-02-2016 | 06-03-2016 |
| 4 | മെഡിക്കൽഓഫീസർ പി.എച്ച്.സി. | ഡോ. ആനന്ദ്.കെ | 01-04-2015 | 31-03-2016 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.റീജ.പി.വി | 01-04-2015 | 05-07-2015 |
| | | ഡോ.സുകേഷ് കുമാർ ജി എസ് | 06-07-2015 | 31-03-2016 |
| 6 | അസി. എഞ്ചിനീയർ | ശ്രീലത.പി | 01-04-2015 | 31-03-2016 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലീന കോട്ടായി | 01-04-2015 | 31-03-2016 |
| 8 | അസി . സെക്രട്ടറി | ഷീജ.വി.എം | 01-04-2015 | 02-06-2015 |
| | | പ്രദീപൻ എം | 03.06.2015 | 31.03.2016 |
| 9 | ഹെഡ് മാസ്റ്റർ | ബാബുരാജൻ വാരപ്പുറത്ത് | 01-04-2015 | 31-03-2016 |

ഉള്ളടക്കം



| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം – 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |

| | | |
|---|---|---|
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 12 | 1-12 | ഗ്രാമസഭകൾ |
| ഭാഗം 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് 11250 രൂപ നഷ്ടം |
| 14 | 2-2 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് 700 രൂപ നഷ്ടം |
| 15 | 2-3 | വസ്തുനികുതി ബാക്ക് അസസ്മെന്റ് നടത്തിയില്ല- 1085 രൂപ നഷ്ടം |
| 16 | 2-4 | ഡി. & ഒ. ലൈസൻസ് അപാകങ്ങൾ |
| 17 | 2-5 | ഇ-ടെണ്ടർ വരവ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല |
| 18 | 2-6 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| ഭാഗം 3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | കാട്ടാമ്പള്ളി ജി എം യു പി സ്കൂളിനും ഓഡിറ്റോറിയത്തിനും ഫർണ്ണിച്ചർ വാങ്ങി നൽകൽ-അനുബന്ധരേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസപ്പെടുത്തുന്നു. |
| 20 | 3-2 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് |

| | | |
|---|---|---|
| 21 | 3-3 | തുടർസാക്ഷരത -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തത് – വിശദീകരണം ലഭ്യമാക്കേണ്ടതും അനുബന്ധരേഖകൾ ഹാജരാക്കേണ്ടതുമാണ് |
| 22 | 3-4 | എസ് എസ് എ-വിനിയോഗസാക്ഷ്യപത്രവും-പദ്ധതിമാർഗ്ഗരേഖ പാലിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല- 11,71,983 രൂപ തടസപ്പെടുത്തുന്നു. |
| 23 | 3-5 | ഭവനപുനരുദ്ധാരണം -കാലപ്പഴക്കം-ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. |
| 24 | 3-6 | പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ റെയ്ഡ്കോയ്ക്ക് മുഴുവൻ തുകയും നൽകിയില്ല |
| 25 | 3-7 | ഐ എ വൈ വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല/ ഗുണഭോക്താക്കൾ തിരിച്ചടച്ച തുക- 56,00,00 രൂപയുടെ തടസം തീർപ്പാക്കേണ്ടതാണ് |
| 26 | 3-8 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 27 | 3-9 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. |
| 28 | 3-10 | പട്ടിക ജാതി വനിതാ വ്യവസായ കേന്ദ്രം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല |
| 29 | 3-11 | ഐ എ വൈ.ഭവനം (എസ്.സി)ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ അപാകങ്ങൾ 1,20,000 രൂപ തടസ്സപ്പെടുത്തുന്നു |
| 30 | 3-12 | കേന്ദ്രസഹായം -ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ് |
| 31 | 3-13 | ഇ- സാക്ഷരതാ പദ്ധതി- ഗ്രാന്റ് തുക വിനിയോഗിച്ചിട്ടില്ല. |
| 32 | 3-14 | ആരുഢം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല :1,00,000/ രൂപ തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 33 | 3-15 | ആശ്രയ പദ്ധതി അവലോകനം |
| 34 | 3-16 | മഹാത്മാ ഗാന്ധിതൊഴിലുറപ്പ് പദ്ധതി -അവലോകനം |
| 35 | 3-17 | പാലിയേറ്റീവ് പരിചരണം അവലോകനം |
| 36 | 3-18 | മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിൽ പൂർത്തീകരിക്കാത്ത പ്രവ്യത്തികളുടെ വിവരം |
| ഭാഗം -4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | ചാർജ്ജ് -സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 44 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 45 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 47 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 48 | Appendix-1 | Audit Cetificate |
| 49 | Appendix-2 | Balance Sheet |
| 50 | Appendix-3 | Income&Expenditure Statement |
| 51 | Appendix-4 | Receipt& Payment Statement |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് PR No.25/2015 തീയതി 30-03-2015 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 25336013 | 48039849.79 | 22703837 | | |
| വരവ് | 114607950 | 62574544 | | 52033406 | (-) 45.4 |
| ആകെ | 139943963 | 110614393.79 | | 29329569.21 | (-)20.9 |
| ചെലവ് | 125524932 | 78838163 | | 46686769 | (-)37.1 |
| നീക്കിയിരിപ്പ് | 14419031 | 31776230.79 | 17357200 | | |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-2016 | 31-07-2016 | 30-06-2016 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|---|

| | | | |
|---|---|---|---|
| | പരിശോധിച്ച തീയതി | | തരം |
| 2015-2016 | 09-12-2016 | കെ.എസ്.എ/ കെ.എൻ.ആർ/ സി 5/2226 /2016 തീയ്യതി /7.2.17 | വിശേഷണങ്ങളോട്ട കൂടിയത് |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനത

1.വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി 11പട്ടികയിലെ ആസ്തിയെ സംബന്ധിച്ചുള്ള തുകകൾ പൊരുത്തപ്പെടുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-2016വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 48039849.79 |
| വരവ് | 62574544.00 |
| ആകെ | 110614393.79 |
| ചെലവ് | 78838163.00 |
| നീക്കിയിരിപ്പ് | 31776230.79 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 39,89,468 | 96,91,497 (81,84,902-'ട്രാൻസ്ഫർ ക്രെഡിറ്റ് മുഖേനയുള്ള വരവ്') | 1,36,80,965 | 1,36,80,965 | - | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 7,62,656 | 35,52,320 | 43,14,976 | 35,52,320 | 7,62,656 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 33,000 | 33,000 | 33,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 14,81,752 | 72,18,078 | 86,99,830 | 86,99,830 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 9,76,357 | 29,56,548 | 39,32905 | 39,32,905 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 14,10,415 | 72,25,129 | 86,35,544 | 51,67,655 | 34,67,889 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 39,54,357 | 39,29,815 | 78,84,172 | 39,29,815 | 39,54,357 | 0 |
| എൻ ആർ ഇ ജി എ | 767.86 | 3476935 | 3477702.86 | 3477611 | - | 91.86 |
| ബി ഫണ്ട് | - | 47484495 | 47484495 | 47484495 | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 195 | 101506498 | 125 | 56715492 | 32 | 38 | 64.1 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.88ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9733145 | 9642789 | (-)90356 | (-)0.9 |
| നികുതിയേതര വരവുകൾ | 2469306 | 859731 | (-)1609575 | (-)65 |
| മറ്റുവരവുകൾ(ഇനം തിരിച്ച്) | 3610483 | 2834598 | (-)775885 | (-)21 |
| ആകെ | 15812934 | 13337118 | (-)2475816 | (-)15.6 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |

| | | |
|---|---|---|
| | | |
| തൊഴിൽരഹിത വേതനം | 203400 | 143 |
| കർഷകതൊഴിലാളി പെൻഷൻ | 1425300 | 178 |
| വിധവാപെൻഷൻ | 12282400 | 1315 |
| വാർദ്ധക്യകാലപെൻഷൻ | 25117980 | 3130 |
| വികലാംഗപെൻഷൻ | 4175910 | 368 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3638080 | 345 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 480000 | 16 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-08-2016മുതൽ<br>19-08-2016 വരെ | 01-06-2016 മുതൽ<br>30-06-2016 വരെ | 26-08-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-08-2011മുതൽ<br>03-09-2011 വരെ | 2008-09 മുതൽ<br>2010-11 വരെ | 09-02-2012 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-12-16 തീയതി, 3 പി എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34598 രൂപയുടെ ക്യാഷ് ബാലൻസിൻെറ കൃത്യത ബോധ്യപ്പെട്ടു

## 1-11 ആഭ്യന്തരനിയന്ത്രണം.

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്നത് 5/15, 7/15

,12/15 , 1/16, 03/16 എന്നീ മാസങ്ങളിൽ മാത്രമാണ്.യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് / പ്രവർത്തനം, പദ്ധതി നടത്തിപ്പ്, പ്രവർത്തനപുരോഗതി എന്നിവ അവലോകനം ചെയ്യുന്നുണ്ട്. ഓഫീസ് ഓർഡർ മുഖാന്തിരം ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതും ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-12 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ 2 പ്രാവശ്യം മാത്രമാണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. പഴയ ഭരണ സമിതിയുടെ കാലയളവിൽ 6/15ലും പുതിയ ഭരണ സമിതി വന്നതിനുശേഷം 3/16ലുമാണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. കേരളാ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ഗ്രാമ സഭാ യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-11250 രൂപയുടെ നഷ്ടം

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | ഉടമയുടെ പേര് | സ്ഥാപനം | പ്രതി ദിന വിറ്റു വരവ് | ഈടാക്കേണ്ടിയിരുന്ന തുക(രണ്ട് അർദ്ധ വർഷങ്ങളിലും കൂടി) | ഈടാക്കിയത് | വ്യത്യാസം | രസീത് നം.തീയതി |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | ദിവ്യമോൾ ദേവസ്യ | സൂര്യ | 25000 | 2500 | 1500 | 1000 | ലഭ്യമല്ല |
| 2 | സദാനന്ദൻ തുണോളി | ദേവി റാം ഫ്ളോർ മില്ല് | 16000 | 1500 | 1200 | 300 | 11501100726/ 23.4.2015 |
| 3 | അനിൽ കുമാർ പി എസ് | | 15000 | 1500 | 1200 | 300 | ലഭ്യമല്ല |
| 4 | കെ ഷീന | ഐശ്വര്യ ഗ്യാസ് ഏജൻസി | 25000 | 2500 | 1500 | 1000 | 11501101180/ 04-05-15 |
| 5 | റിയാസ് ഇട്ടപ്പുറത്ത് | സ്മൈൽ ഹോം സൊലൃൂഷൻസ് | 20000 | 2000 | 1500 | 500 | 1101200/ 4.5.2015 |
| 6 | കാര്യക്കാരൻ പുത്തൻ പുരയിൽ | മുക്കണ്ണൻ ട്രഡേഴ്സ് | 10000 | 900 | 600 | 300 | 11501103647/ 1.7.2015 |
| 7 | പി പി ജോൺസൻ | ഗ്രഹ ജ്യോതി ഇൻഡേൻ സർവീസസ് | 20000 | 2000 | 1500 | 500 | 11501101966/ 19.5.2015 |
| 8 | അക്ബർ പാഷ | ലീയോ ഫുഡ്സ് ആൻഡ് സ്പൈസസ്സ് | 20000 | 2000 | 1500 | 500 | 1150113074/ 15.6.2015 |
| 9 | രഘുനാഥൻ കെ ടി | കൃഷ്ണ ഗ്യാസ് ഏജൻസി | 25000 | 2500 | 1500 | 1000 | ലഭ്യമല്ല |
| 10 | മനോഹരൻ | മന ഫയർ | 20000 | 2000 | 1500 | 500 | ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | സി | വർക്ക്സ് | | | | | |
| 11 | സി പി ജംഷീദ് | സൂപ്പർ ഇൻഡസ്ട്രീസ് | 20000 | 2000 | 0 | 2000 | ലഭ്യമല്ല |
| 12 | കെ മൻസൂർ | സഫാ സ്റ്റീൽ | 14000 | 1500 | 1200 | 300 | 1150111850/ 8.2.2016 |
| 13 | എം കെ ജ്യോതി | മേഘ ഭാരത് ഗ്യാസ് | 20000 | 2000 | 1500 | 500 | 11501113540/ 1.3.2016 |
| 14 | റസിയ കെ ടി പി | ഗ്യാലക്സി ഹോം ഫർണിച്ചർ | 20000 | 2000 | 750 | 1250 | 11501112705/ 22.2.2016 |
| 15 | എസ് ജയരാജ് | വുഡ് മാർക്ക് | 15000 | 1500 | 1200 | 300 | 11501104547/ 3.8.2015 |
| 16 | പ്രശാന്ത് കുമാർ | പെന്റാ കാർട്ടൻസ് | 20000 | 2000 | 1500 | 500 | 11501115466/ 31.3.2016 |
| 17 | ഷിബു പി വി | ഷിബു ഫയർ വർക്ക്സ് | 20000 | 2000 | 1500 | 500 | 11501115430/ 31.3.2016 |
| | | | | | ആകെ | 11250 | |

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 11250 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്-700 രൂപയുടെ നഷ്ടം

ഡി ആന്റ് ഒ ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപേക്ഷകരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | സ്ഥാപനം | പ്രതി ദിന വിറ്റു വരവ് | ഈടാക്കേണ്ടിയിരുന്നത് | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | അരവിന്ദൻ ടി വി | ദിവാസ് ലേഡീസ് ഷോ റൂം | 6000 | 200 | 100 | 100 |
| 2 | ഷീബ പാറയിൽ | എസ് എസ് ബേക്കറി | 6000 | 200 | 100 | 100 |
| 3 | സുബൈർ ഹാജി | ക്രിൽ ക്രാഫ്റ്റ് വുഡ്സ് | 250 കുതിര ശക്തി | 2500 | 2000 | 500 |
| | | | | | ആകെ | 700 |

ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന 700 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 2-3 വസ്തു നികുതി - ബാക്ക് അസസ്സ്മെന്റ് നടത്തിയിട്ടില്ല _ 1085 രൂപയുടെ നഷ്ടം

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ നികുതിദായകരിൽ നിന്നും വസ്തു നികുതി തെറ്റായി ഈടാക്കിയതിനാൽ

ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നതായി കാണുന്നു.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | നികുതിദായകരുടെ പേര് /കെട്ടിട നം | രജിസ്ററർ പ്രകാരം പണി പൂർത്തിയാക്കിയ തീയതി | ഈടാക്കിയ നികുതി/വർഷം | നികുതി ഈടാക്കേണ്ടിയിരുന്ന വർഷം{പണി പൂർത്തിയാക്കിയ തീയതി കണക്കിലെടുത്താൽ } | കുറവ് വന്ന നികുതി {ഗ്രന്ഥ ശാല വരിയും സേവന നികുതിയും ഒഴികെ} |
|---|---|---|---|---|---|
| 1 | ഓലച്ചേരി രതീഷ്/ 140 A | 11.10.2014 | 270/2015-16 | 2014-15 രണ്ടാം അർദ്ധവ്രഷംമുതൽ | 130 |
| 2 | എൻ സി സുനിൽ കുമാർ/374 A | 3.6.2014 | 421/2015-16 | 2014-15 ഒന്നാം അർദ്ധവ്രഷംമുതൽ | 421 |
| 3 | ചെല്ലട്ടൻ പുഷ്പജ/48 A | 12.12.2014 | 237/2015-16 | രണ്ടാം അർദ്ധവ്രഷംമുതൽ | 119 |
| 4 | പുന്നക്കൽ മാജിദ/334 A | 12.1.2015 | 829/2015-16 | രണ്ടാം അർദ്ധവ്രഷംമുതൽ | 415 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 1085 |

ഇത് കൂടാതെ ആകെ വസ്തുനികുതിയുടെ കൂടെ ലൈബ്രറി സെസ്സ് ഇനത്തിൽ 5% വും സേവന ഉപനികുതി ഇനത്തിൽ 2% വും ഉൾപ്പെടെ ഉള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൻ വരവ് വെക്കേണ്ടതാണ്

## 2-4 ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ

(എ). ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് എഴുതുന്നില്ല.

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ഷംന ആർ കെ | ന്യൂ പി ആർ ബേക്കറി |
| 2 | ഇബ്രാഹിം കുട്ടി കെ പി | നാഷണൽ സ്റ്റോർ |
| 3 | എ കെ വൈലത്ത് | മാരുതി കേർ |

(ബി).ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ബി പി മുസമ്മൽ | റോയൽ വുഡ് ഇൻഡസ്ട്രീസ് |
| 2 | പി പി മുഹമ്മദ് | അനാദി |
| 3 | കെ രതീഷ് | ബി ആർ എൻജിനീയറിംഗ് കമ്പനി |

ഭാവിയിൽ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ ബന്ധപ്പെട്ട നിയമം /ചട്ടം എന്നിവയിൽ അനുശാസിക്കുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല

2015-16 വർഷം ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 50/15-16 | നിമിഷ സ്റ്റോറിന് മുൻവശം കടലായി മണ്ഡപം വരെയുള്ള കണക്ഷൻ റോഡ് ടാറിംഗ് | 5 | 1100 |
| 2 | 51/15-16 | പുതിയതെരു നാല് മുക്ക് റോഡ് മുതൽ കടലായി മണ്ഡപം വഴി രാജാസ് ഹൈസ്കൂൾ വരെ റീ ടാറിംഗ് | 2 | 1600 |
| 3 | 52/15-16 | പനങ്കാവ് അംഗൻവാടി മുതൽ ചാലു വയൽ വരെ റോഡ് റീ ടാറിംഗ് | 2 | 1200 |
| 4 | 56/15-16 | അപ്പാരി സദാനന്ദൻ റോഡ് റീടാറിംഗ് | 3 | 1200 |
| 5 | 58/15-16 | കക്കറയിൽ കളരി ചാമുണ്ഡേശ്വരി ക്ഷേത്രം റോഡ് റീടാറിംഗ് | 1 | 1400 |
| 6 | 63/15-16 | സരസ്വതി സ്കൂൾ കല്ല് കെട്ട് ചിറ റോഡ് റീടാറിംഗ് | 4 | 200 |
| 7 | 73/15-16 | മന്ന സാംസ്കാരിക നിലയം -വാട്ടർ ടാങ്ക് താപ റോഡ് ടാറിംഗ് | 2 | 1100 |
| 8 | 76/15-16 | പയറ്റ്യാക്കാവ് റോഡ് റീടാറിംഗ് | 2 | 5000 |
| 9 | 80/15-16 | കട്ടിംഗ് ഗുഹ കോളയട വയൽ വള്ളുവപ്പാറ റോഡ് റീടാറിംഗ് | 3 | 1500 |
| 10 | 88/15-16 | മാവില വയൽ തോടിന് പാർശ്വ ഭിത്തി സംരക്ഷണവും സ്ലാബിടലും | 3 | 2000 |
| 11 | 93/15-16 | ആലോട്ട് പറമ്പ് ദേവസ്വം പറമ്പ് കുളം റോഡ് | 6 | 1600 |
| 12 | 95/15-16 | കാഞ്ഞിരത്തറ ട്രാൻസ്ഫോർമർ അഴീക്കോടൻമുക്ക് റോഡ് റീ ടാറിംഗ് | 2 | 1900 |
| 13 | 98/15-16 | ജയലക്ഷ്മി റോഡ് മുതൽ പള്ളിക്കുന്ന് പഞ്ചായത്ത് അതിർത്തി വരെ റോഡ് | 4 | 1300 |

| | | | | |
|---|---|---|---|---|
| | | റീടാറിംഗ് | | |
| 14 | 99/15-16 | ജയലക്ഷ്മി റോഡ് ട്രാൻസ്ഫോർമർ മുതൽ ദേശാഭിമാനി പ്രസ്സ് ആശ പവിത്രൻ വീട് വരെ റോഡ് ടാറിടലും റീടാറിംഗും | 2 | 1300 |
| 15 | 157/15-16 | കീരിയാട് സെഞ്ച്വറി പ്ലൈവുഡ് മുതൽ അബ്ദു റഹിമാൻ വീട്ടു വരെ ഓവുചാൽ ഉൾപ്പെടെ നടപ്പാത നിർമ്മാണം | 4 | 1200 |
| 16 | 177/15-16 | കെ.എസ്.ഇ.ബി ക്ക് മുൻവശം റോഡ് ടാറിംഗും ബാക്കി ഭാഗം കോൺക്രീറ്റ് ഫുട് പാത്ത് | 4 | 1300 |
| 17 | 193/15-16 | പൂക്കോടന് ഇടവഴി പുനരുദ്ധാരണം | 2 | 2000 |
| 18 | 84/15-16 | പാലോട്ട് വയൽ മൈലിടത്തടം ലിങ്ക് റോഡ് പൂർത്തീകരണം | 3 | 1500 |
| 19 | 85/15-16 | ഓണപ്പറമ്പ് നായനാർ നഗർ കോളനി ഫുട്പാത്ത് നിർമ്മാണവും പാർശ്വസംരക്ഷണവും | 3 | 1700 |
| 20 | 170/15-16 | കല്ലടത്തോട് മുത്തപ്പൻ ക്ഷേത്രം നച്ചിവയൽ റോഡ് ബാക്കി ഭാഗം ടാറിംഗ് | 2 | 1200 |
| 21 | 201/15-16 | കാട്ടാമ്പള്ളി പരപ്പൽ റോഡ് റീടാറിംഗ് | 2 | 1100 |
| 22 | 216/15-16 | കൊറ്റ്യാലി ഫുട്പാത്ത് നിർമ്മാണം | 4 | 2100 |
| 23 | 210/15-16 | കല്ല് കെട്ട് ചിറ സെറ്റിൽമെന്റ് കോളനി ഓവുചാൽ ഫുട്പാത്ത് റോഡ് നിർമ്മാണം. | 4 | 1365 |

## 2-6 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

2015-16 വർഷത്തെ തൊഴിൽ നികുതി പത്രിക പരിശോധിച്ചതിൽ ചിറക്കൽ കോവിലകം ദേവസ്വം സെൻട്രൽ ഓഫീസിന്റെ റിട്ടേണിൽ എക്സിക്യൂട്ടീവ് ഓഫീസറാണ് ഒപ്പു വച്ചിട്ടുള്ളത്. എന്നാൽ ടിയാനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ചിറക്കൽ കോവിലകം ദേവസ്വം സെൻട്രൽ ഓഫീസിന്റെ കീഴിൽ വരുന്ന ചിറക്കൽ കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ക്ഷേത്രത്തിലെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാട്ടാമ്പള്ളി ജി എം യു പി സ്കൂളിനും ഓഡിറ്റോറിയത്തിനും ഫർണ്ണിച്ചർ വാങ്ങി നൽകൽ-അനുബന്ധരേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക തടസപ്പെടുത്തുന്നു.

2015-2016 വർഷം ഗ്രാമപഞ്ചായത്തിലെ കാട്ടാമ്പള്ളി ജി എം യു പി സ്കൂളിന് ഫർണ്ണിച്ചർ വാങ്ങിച്ചുനൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

(എ) പ്രൊജക്ട് നമ്പർ 91/2016

പ്രൊജക്ടിന്റെ പേര് : കാട്ടാമ്പള്ളി ജി എം യു പി സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ

ബിൽ നമ്പർ 6/2015-16 തീയ്യതി 16-01-2016, തുക 4,12,875/- (ഡി ഡി നമ്പർ 984322 dt 16-01-2016)

പ്രസ്തുത പ്രൊജക്ട് പ്രകാരം കാഡ്കോ ലിമിറ്റഡിൽ നിന്നും ഡെസ്ക് (size 180x40x75cm) 25 എണ്ണവും ബെഞ്ച് (size 180x30x45 cm) 25 എണ്ണവും Dual Desk Combined Bench and Desk Anjili Wood top 25 എണ്ണവും വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും ഇത് സംബന്ധിച്ച പർച്ചേസിങ്ങ് കമ്മിറ്റി മിനുട്സും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/15-12-2016)മറുപടി ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ 4,12,875 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

(ബി) പ്രൊജക്ട് നമ്പർ 42/2016

പ്രൊജക്ടിന്റെ പേര് - കാട്ടാമ്പള്ളി ജി എം യു പി സ്കൂൾ ഓഡിറ്റോറിയത്തിൽ ഫർണ്ണിച്ചർ

ബിൽ നമ്പർ 5/2015-16 തീയ്യതി 16-01-2016

ചെലവ് തുക – 2,00,000(ഡി ഡി നമ്പർ 984321dt 16-01-2016)

പ്രസ്തുത പ്രൊജക്ട് പ്രകാരം കാഡ്കോ ലിമിറ്റഡിൽ നിന്നും Fibre Chair-Armless 300 എണ്ണവും One Sided Table 25 എണ്ണവും വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും ബന്ധപ്പെട്ട സ്കൂൾ അവരുടെ സ്റ്റോക്കിലെടുത്തതിന്റേയും രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല.ബന്ധപ്പട്ട സ്റ്റോക്ക് രജിസ്റ്ററുകളും പർച്ചേസിങ്ങ് കമ്മിറ്റി മിനുട്സും ഹാജരാക്കാത്തതിനാൽ 2,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-2 <u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -മതിയായ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസപ്പെടുത്തുന്നു.</u>

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്ന രണ്ട് പ്രൊജക്ടുകൾ (സ്പിൽ ഓവറടക്കം) 2015-16 ൽ ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പരിമിതമായ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര്, നമ്പർ | ബിൽ നം തീയ്യതി, തുക | തുക | ഗുണഭോക്താക്കളുടെ എണ്ണം | ഹാജരാക്കിയ രേഖ |
|---|---|---|---|---|---|
| (എ) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 198/2016 | ബിൽ നമ്പർ 1/2015-16 തീയ്യതി 29-09-2015 2,12,650 | 1,75,930 | 73 (73x2410= 1,75,930) | എസ് ബി ഐ കണ്ണൂരിന് നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് |
| | ടി | ടി | 36720 | 20 (20x1836= 36,720) | എസ് ബി ഐ കണ്ണൂരിന് നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് |
| ആകെ | | | 2,12,650 | | |
| (ബി | ശാരീരിക മാനസിക | ബിൽ നമ്പർ | 3,50,000 | 70 | എസ് ബി ഐ |

| | | | | | |
|---|---|---|---|---|---|
| | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,30/2016 | 8/2015-16 തീയ്യതി 23-03-2016, 4,25,300/- | | (70x5000= 3,50,000) | കണ്ണൂരിന് നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഡ്രസ് അലവൻസ് | ടി | 28,000 | 70 (70X400= 28,000) | എസ് ബി ഐ കണ്ണൂരിന് നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് |
| | പഠന പിന്നോക്കാവസ്ഥയിലുള്ളവർ (LD) 21 | ടി | 47,300 | 21 (8X2150= 17,200 4X1900=7600 9X2500= 22,500) | എസ് ബി ഐ കണ്ണൂരിന് നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് |
| ആകെ | | | 4,25,300 | | |

ബന്ധപ്പെട്ട പ്രൊജക്ടുകൾ സംബന്ധിച്ച് മറ്റ് രേഖകളൊന്നും ഹാജരാക്കാത്തതിനാൽ ഇത് സംബന്ധിച്ച് വിശദമായ പരിശോധനക്ക് സാധിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, മെഡിക്കൽ ബോർഡ് നൽകിയ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രാഥമിക രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 6,37,950 (2,12,650+4,25,300)രൂപ തടസപ്പെടുത്തുന്നു.

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ നീക്കിബാക്കിയായി ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കാതെ ഇപ്പോഴും നീക്കിയിരിപ്പുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 6,02,689 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 2,09,075 രൂപയും ഇപ്പോഴും ഉപയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിലുണ്ട്. ഇത്തരത്തിൽ സമൂഹത്തിൽ ഏറ്റവും അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കുള്ള ഫണ്ട് യഥാസമയം വിനിയോഗിക്കാതിരിക്കുന്നത് ഉചിതമായ നടപടിയല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ട് താമസംവിനാ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന് നിർദേശം നൽകാൻ പഞ്ചായത്ത് ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 തുടർസാക്ഷരത -മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവ് ചെയ്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും അനുബന്ധരേഖകൾ ഹാജരാക്കേണ്ടതുമാണ്.

അതുല്യം തുടർസാക്ഷരത, പ്രൊജക്ട് നമ്പർ 32/16,പ്രകാരം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുടർസാക്ഷരത കേന്ദ്രത്തിന് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിച്ചുകൊടുക്കുന്നതിന് ചെക്ക് നമ്പർ 10000318 തീയ്യതി 30-03-2016 പ്രകാരം 24,756/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ജി ഒ (എം എസ്) നം 362/2013 തസ്വഭവ തീയ്യതി 16-11-2013 പദ്ധതി മാർഗ്ഗരേഖ അനുബന്ധം 1-vii പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൻ കീഴിൽ സാക്ഷരത/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരത മിഷനിൽ അടയ്ക്കേണ്ട ഫീസും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ ചെലവ് തുക 24,756 രൂപ തടസപ്പെടുത്തുന്നു.

2015-16 വർഷം തുടർസാക്ഷരത പഠനത്തിനായി സാക്ഷരത മിഷനിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. 2015-16 വർഷം 94,250 രൂപ മൊത്തം അടങ്കൽ വകയിരുത്തിയിട്ടുണ്ടെങ്കിലും കേവലം 26.26% മാത്രമാണ് വിനിയോഗിച്ചത്.

## 3-4 എസ് എസ് എ-വിനിയോഗസാക്ഷ്യപത്രവും-പദ്ധതിമാർഗ്ഗരേഖ പാലിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല- 11,71,983 രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ചിറക്കൽ ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നം : 31/16 എസ് എസ് എ യ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം

വകയിരുത്തിയ തുക : ₹1171983

ചെലവ് തുക : ₹1171983 (ബിൽ നമ്പർ 7/2015-16 തീ.27-01-2016)

( ഡി ഡി നമ്പർ 985098 തീയ്യതി 28-01-2016)

മേൽ പ്രൊജക്ട് പ്രകാരം 2015-16 വർഷം എസ് എസ് എ പ്രോജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ 35% തുകയായ 11,71,983 രൂപ എസ് എസ് എ ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ് എസ് എ യിൽ നിന്നും ഹാജരാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ വിഹിതവും എസ് എസ് എ വിഹിതവും ഉൾപ്പെടുന്ന ഇനം തിരിച്ചുള്ള ചെലവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കണ്ടേതാണ്

2015-16 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തീ.16.11.2013 അനുബന്ധം 6 ( I I) പ്രകാരം ഗ്രാമപഞ്ചായത്ത്, സർക്കാർ നിശ്ചയിക്കുന്ന തുക എസ് എസ് എ പ്രോജക്ടിനുവേണ്ടി വകയിരുത്തണമെന്നും എസ് എസ് എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണസ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രൊജക്ട് തയ്യാറാക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ പ്രവർത്തന വിവരം പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട കമ്മിറ്റിയുടെ മിനുട്സ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ബന്ധപ്പെട്ട വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ മിനുട്സ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം,ഇനം തിരിച്ചുള്ള ചെലവ് വിവരം കാണിക്കുന്ന രേഖ,വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ മിനുട്സ്, എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കി ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാന നമ്പർ,തീയ്യതി തുടങ്ങിയവയും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 11,71,983 രൂപ തടസപ്പെടുത്തുന്നു.

## 3-5 ഭവനപുനരുദ്ധാരണം -കാലപ്പഴക്കം-ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ജി.ഒ. (എം.എസ്) 362/2013 തസ്വഭവ തീയ്യതി 16-11-2013 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന പുനരുദ്ധാരണത്തിന് സബ്സിഡി അനുവദനീയമാണ്. ഇപ്രകാരം ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകുമ്പോൾ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചിറക്കൽ ഗ്രാമപഞ്ചായത്തിൽ ബഹുവർഷ പ്രൊജക്ടായി നടപ്പിലാക്കിയ ഭവനപുനരുദ്ധാരണ സഹായത്തിനുള്ള അർഹത സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ഏതാനും ഗുണഭോക്താക്കളുടെ വീടിന്റെ കാലപഴക്കം ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്ന അസസ്മെന്റ് രജിസ്റ്റർ പ്രകാരം എത്രയാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിക്കുകയുണ്ടായി. 17 ഗുണഭോക്താക്കളുടെ വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിച്ചതിൽ 2 ഗുണഭോക്താക്കളുടെ ഭവനം നിർമ്മിച്ചത് സബ്സിഡി മാർഗ്ഗരേഖയിൽ നിർദേശിച്ച പ്രകാരമുള്ള 8 വർഷത്തിന് താഴെയാണ്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | വാർഡ് നം/കെട്ടിട നം (പഴയത്) | വാർഡ് നം/കെട്ടിട നം (പുതിയത്) | ഗ്രാമപഞ്ചായത്ത് രജിസ്റ്റർ പ്രകാരം ഭവനം നിർമ്മിച്ചത്. |
|---|---|---|---|---|---|
| 1 | കുന്നിപ്പറമ്പത്ത് അനിത | 25,000 | I -165/A | I-182 | 29-07-2011 |
| 2 | ഓലച്ചേരി മീനാക്ഷി | 25,000 | VIII-40 | VIII-145 | 2 വർഷം |

ഇത് സംബന്ധിച്ച് വിശദീകരണം ചോദിച്ചുകൊണ്ട് ബന്ധപ്പട്ട നിർവ്വഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/16-12-2016) മറുപടിയായി മേൽ കൊടുത്ത രണ്ട് ഭവനങ്ങളും 8 വർഷത്തിലധികം പഴക്കമുണ്ടെന്നും കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വൈകിയതാണെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് പരിപാലിച്ചുവരുന്ന രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 പൈപ്പ് കമ്പോസ്ററ് സ്ഥാപിക്കൽ റെയ്ഡ്കോയ്ക്ക് മുഴുവൻ തുകയും നൽകിയില്ല

നിർവഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ ,ചിറക്കൽ

പ്രോജക്റ്റ് നം :S0148/16 സമഗ്ര മാലിന്യസംസ്കരണ പദ്ധതി

ചെലവ് :18,68,981 (വികസന ഫണ്ട്-3,65,013/- ഗുണഭോക്തൃ വിഹിതം-3,14,437/- ശുചിത്വമിഷൻ(കേന്ദ്ര വിഹിതം)-11,89,531.)

പദ്ധതിക്കുള്ള സാങ്കേതിക അനുമതി നൽകുന്നതും അടങ്കലിന്റെ 75% തുക നല്കുന്നതും ശുചിത്വ മിഷനാണ് . പൈപ്പ് കമ്പോസ്ററിംഗ് 1165 പേർക്ക് 900/- രൂപ എന്ന തോതിലും ബയോഗ്യാസ് യൂണിറ്റ് 100 പേർക്ക് 8500 /- എന്ന തോതിലും വിതരണം ചെയ്യാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ടെണ്ടർ നടപടിയിലൂടെയാണ് റെയ്ഡ്കോവിനെ സേവനദാദാവായി തിരഞ്ഞെടുത്തിരുന്നത്. പൈപ്പ് കമ്പോസ്റ്റ് ഒരു യൂണിറ്റിന് 875/- രൂപ നിരക്കിലും ബയോഗ്യാസ് യൂണിറ്റിന് 8500രൂപ നിരക്കിലുമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ ഗ്രാമപഞ്ചായത്ത് വിഹിതം 3,65,013 രൂപയും ഗുണഭോക്തൃ വിഹിതം 3,14,437 രൂപയും ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ 75%(11,89,531/-) ചെലവ് ചെയ്യേണ്ട ശുചിത്വമിഷൻ നാളിതുവരെയായി തുക നൽകിയിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും വകയിരുത്തിയ മുഴുവൻ തുകയും ലഭിക്കാത്തതിനാൽ റെയ്ഡ്കോവിന് വിതരണം ചെയ്ത മുഴുവൻ യൂണിറ്റിന്റെയും തുക നല്കിയിട്ടില്ല. ആയത് നല്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഐ എ വൈ വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല/ ഗുണഭോക്താക്കൾ തിരിച്ചടച്ച തുക- 5,60,000 രൂപയുടെ തടസം തീർപ്പാക്കേണ്ടതാണ്

